ഉത്തരം

(എ) ഇല്ല. ആലപ്പുഴ ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും സമ്പൂർണ്ണ പെൻഷൻ പ്രഖ്യാപനം നടത്തിയിട്ടുണ്ട്.

(ബി) പഞ്ചായത്തുകളുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) നഗരസഭകളുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഉണ്ട്.

(ഇ) പരിശോധിച്ചുവരുന്നു.

ജനന രജിസ്ട്രേഷൻ

199 (7498) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനനം വൈകി രജിസ്റ്റർ ചെയ്യുന്നവർ ഏറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജനന രജിസ്ട്രേഷന് യഥാസമയം കഴിയാത്തവർക്ക് രജിസ്റ്റർ ചെയ്യുമ്പോൾ എന്തെല്ലാം രേഖകളാണ് സമർപ്പിക്കേണ്ടത് ;

(സി) ജനന രജിസ്ട്രേഷൻ നടപടികൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ജനനം നടന്ന് 30 ദിവസത്തിനകം റിപ്പോർട്ട് ചെയ്യാത്ത ജനനങ്ങൾ ഒരു വർഷം വരെ ജില്ലാ രജിസ്ട്രാറുടെയും ഒരു വർഷത്തിനു ശേഷം സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെയും (ആർ.ഡി.ഒ.) അനുമതിയോടെ മാത്രമെ രജിസ്റ്റർ ചെയ്യാൻ പാടുള്ളൂ. അതിനുള്ള നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു:

I. ജനനം നടന്ന് 30 ദിവസത്തിനുശേഷം ഒരു വർഷം വരെ

(a) ജനന റിപ്പോർട്ട് - 2 കോപ്പി

(b) നോട്ടറി പബ്ലിക്/സംസ്ഥാന സർക്കാർ സർവ്വീസിലെ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം

(c) ജനനം രജിസ്റ്റർ ചെയ്യാൻ വൈകിയതിന്റെ കാരണം കാണിക്കുന്ന അപേക്ഷ (5 രൂപ കോർട്ട് ഫീസ്റ്റാമ്പ്)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(d) നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ജനന സ്ഥലം/താമസസ്ഥലം സംബന്ധിച്ച തെളിവുകൾ

(e) ലേറ്റ് ഫീ 5 രൂപ (ജില്ലാ രജിസ്ട്രാറുടെ അനുമതി ലഭിച്ചതിനു ശേഷം).

II. ജനനം നടന്ന് ഒരു വർഷത്തിനുശേഷം സബ്ഡിവിഷണൽ മജിസ്ട്രേറ്റിന്റെ അനുമതിക്കായി അപേക്ഷ സമർപ്പിക്കുന്നുവെങ്കിൽ

(a) ജനന റിപ്പോർട്ട് എല്ലാ കോളങ്ങളും പൂരിപ്പിച്ചത് 2 കോപ്പി

(b) സത്യവാങ്മൂലം (ആർ.ഡി.ഒ. നിഷ്കർഷിച്ചിട്ടുള്ള പ്രകാരം)

(c) നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ജനന സമയത്തെ മേൽവിലാസം തെളിയിക്കുന്ന രേഖ (റേഷൻ കാർഡ്, സ്കൂൾ രേഖ, വോട്ടേഴ്സ് ലിസ്റ്റ് മുതലയായിൽ ഏതിന്റെതെങ്കിലും സാക്ഷ്യപ്പെടുത്തിയ പകർപ്പ്), ജനന സ്ഥലം സംബന്ധിച്ച രേഖ

(d) രജിസ്ട്രേഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെടുന്നതും വൈകിയതിന്റെ കാരണം കാണിക്കുന്നതുമായ അപേക്ഷ (5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കണം)

(e) നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് (ആർ.ഡി.ഒ. യിൽ നിന്നും അനുമതി ലഭിച്ചശേഷം രജിസ്ട്രേഷൻ നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ 10 രൂപ ഫീസ് അടവാക്കണം)

(സി) ലളിതമായ നടപടിക്രമങ്ങളാണ് നിലവിലുള്ളത്. നിലവിലെ വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നകാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

പഞ്ചായത്തുകളിലെ ഓൺലൈൻ സേവനം

200 (7499) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പാലോട് രവി :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളിൽ ഓൺലൈൻ സേവനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം സേവനങ്ങളാണ് ഇതുവഴി ലഭിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) എന്തെല്ലാം സാങ്കേതികവിദ്യകളാണ് ഇതിനായി ഉപയോഗപ്പെടുത്തുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനെക്കുറിച്ച് ജനങ്ങളുടെ ഇടയിൽ വേണ്ടത്ര പ്രചരണം സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly